# വിജ്ഞാനോത്സവം
# അറിയേണ്ടതെല്ലാം



എൽ പി വിഭാഗം

സർഗാത്മക ചിത്രീകരണം
- പ്രവർത്തനം 1 - യന്തിരൻ
- പ്രവർത്തനം 2 - എന്റെ വീടും പരിസരവും
- പ്രവർത്തനം 3 - പൂമ്പാറ്റ ആൽബം
- പ്രവർത്തനം 4 - എന്റെ വമ്പ്
- പ്രവർത്തനം 5 - വെൽഡൺ ടോക്കിയോ

സർഗാത്മക രചന
- പ്രവർത്തനം 1 - അവരോടൊപ്പം
- പ്രവർത്തനം 2 - മാനം നോക്കിയെഴുതാം
- പ്രവർത്തനം 3 - കാക്ക വിചാരം
- പ്രവർത്തനം 4 - കൂടുമാറ്റം
- പ്രവർത്തനം 5 - നിങ്ങൾക്കും കമന്റേറ്ററാകാം

നിരീക്ഷണം
- പ്രവർത്തനം 1 - മുത്തശ്ശിക്കളി
- പ്രവർത്തനം 2 - തെക്കും വടക്കും
- പ്രവർത്തനം 3 - പലതരം പല വിധം
- പ്രവർത്തനം 4 - എന്തോരം കറികളാ...
- പ്രവർത്തനം 5 - പൊടിപൂരം

പരീക്ഷണം
- പ്രവർത്തനം 1 - ഒരു ബലൂൺ പരീക്ഷണം
- പ്രവർത്തനം 2 - വെള്ളത്തെ ഉയർത്താം
- പ്രവർത്തനം 3 - സൂര്യനു നേരെ
- പ്രവർത്തനം 4 - മായമല്ല, മന്ത്രമല്ല
- പ്രവർത്തനം 5 - അമ്പട ഉറുമ്പേ...

നിർമാണം
- പ്രവർത്തനം 1 - മൃഗശാല
- പ്രവർത്തനം 2 - പലഹാരവിശേഷം
- പ്രവർത്തനം 3 - ഓലകൊണ്ടുണ്ടാക്കാം
- പ്രവർത്തനം 4 - കടലാസുകൊണ്ടൊരു പട്ടിക്കുട്ടി
- പ്രവർത്തനം 5 - ഇല മൃഗശാല

കളികൾ
- പ്രവർത്തനം 1 - പുതിയ ചീട്ടുകളി
- പ്രവർത്തനം 2 - ഇല തൊട്ടു കളി
- പ്രവർത്തനം 3 - ഇല മാറ്റം
- പ്രവർത്തനം 4 - മേലേ മേലേ

പ്രവർത്തനം 5 - വാക്കിൽ നിന്നൊരു വാക്ക്

# എൽ പി വിഭാഗം

# സർഗാത്മക ചിത്രീകരണം

## പ്രവർത്തനം 1 - യന്തിരൻ

2021 ലെ മെയ് രണ്ടാം ലക്കം യുറീക്കയിൽ റോബോട്ടുകളെ പറ്റി ഒരു ലേഖനം ഉണ്ട്. റോബോട്ടുകളുടെ ചില വീഡിയോകൾ കാണാൻ അതിൽ നിർദ്ദേശിക്കുന്നുമുണ്ട്. അവയിൽ ചിലതൊക്കെ നമുക്ക് കണ്ടുനോക്കിയാലോ?

കാണുന്നത് എന്തിനെന്നല്ലേ? നമുക്ക് റോബോട്ടിനെ പറ്റി ഒരു കഥയുണ്ടാക്കാം. ചിത്രങ്ങൾ സഹിതം - ചിത്രങ്ങൾക്കായി റോബോട്ടുകളെ കുറിച്ചുള്ള വീഡിയോകളിൽ നിന്നും ചിത്രമെടുത്താലും മതി, വരക്കണമെങ്കിൽ അതും ആകാം. ഈ കോവിഡ് കാലത്ത് സംസാരിക്കുന്ന ഒരു റോബോട്ടിനെ നിങ്ങളുടെ വീട്ടിൽ കൂട്ടിനു കിട്ടിയതായി സങ്കൽപ്പിക്കുക. റോബോട്ടുമായി കറങ്ങി നടക്കുമ്പോൾ ഉണ്ടാകുന്ന ഒരു അനുഭവം സങ്കൽപ്പിച്ചു നോക്കൂ. രസമായിരിക്കില്ലേ? ഇനി ആ സങ്കൽപ്പം ഒരു ചിത്രകഥയായി എഴുതൂ. രസകരമായ സംഭാഷണങ്ങൾ കൂടി ഉൾപ്പെടുത്തണേ.

## പ്രവർത്തനം 2 - എന്റെ വീടും പരിസരവും

2019 നവംബർ ഒന്നാം ലക്കം യുറീക്കയുടെ മുഖക്കുറി വായിച്ച് നോക്കൂ. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ഒരു കുറിപ്പാണ് മുഖക്കുറിയായി നൽകിയിട്ടുള്ളത്. മറ്റ് മുൻ വിധികൾ മാറ്റി വച്ച് വിവേകത്തോടെ ചുറ്റുമുള്ള സൗന്ദര്യം കാണാനാണ് അദ്ദേഹം കുഞ്ഞുങ്ങളോട് പറയുന്നത്. നമുക്ക് ചുറ്റുമുള്ള ലോകം എത്ര സുന്ദരമാണ്. ആ ലോകം കാണാനുള്ള മനസ്സുണ്ടാവണം. അപ്പോൾ പ്രകൃതി തന്നെ ഒരു പാഠപുസ്തകമായി മാറുന്നത് കാണാം. എന്തെല്ലാം കാര്യങ്ങളാണ്, കഥകളാണ്, ചിത്രങ്ങളാണ് നമ്മുടെ വീട്ടിലും പരിസരത്തുമൊക്കെ പ്രകൃതി നമുക്കായി ഒരുക്കി വെച്ചിരിക്കുന്നത്. നമുക്കൊന്ന് കണ്ടാലോ? ആ കാഴ്ച ഒരു ക്യാമറക്കണ്ണിലൂടെ ആയാലോ? മൊബൈൽ ക്യാമറ ഉപയോഗിച്ച് ഒരു വീഡിയോ തയ്യാറാക്കാം. എന്റെ വീടും പരിസരവും എന്നാവാം വിഷയം. മുതിർന്നവരുടെ സഹായം തേടാം. മടിക്കേണ്ടതില്ല. സഹായമേ ആകാവൂ.

## പ്രവർത്തനം 3 - പൂമ്പാറ്റ ആൽബം

2020 സെപ്റ്റംബർ ഒന്നാം ലക്കം യുറീക്കയിലെ കാഴ്ചപ്പുറം പംക്തിയിൽ കടുവ പൂമ്പാറ്റകളെപ്പറ്റി കൂട്ടുകാർ വായിച്ചിരിക്കുമല്ലോ? കടുവ പൂമ്പാറ്റകളെ കൂട്ടുകാർ കണ്ടിട്ടുണ്ടോ? മറ്റേതൊക്കെ തരം പൂമ്പാറ്റകളെയാണ് നിങ്ങൾ കണ്ടിട്ടുള്ളത്? ചുറ്റുപാടും ഒന്ന് നിരീക്ഷിച്ചു നോക്കൂ. എത്രയെത്ര തരം പൂമ്പാറ്റകൾ ആണ്? വിവിധ തരം പൂമ്പാറ്റകളുടെ ചിത്രങ്ങൾ ശേഖരിച്ച് ഒരു ഡിജിറ്റൽ ആൽബം തയ്യാറാക്കിയാലോ? കൂട്ടത്തിൽ നിങ്ങൾ എടുത്ത ചിത്രങ്ങളും ആവാം. കൂടെ അവയുടെ പേരുകൾ കൂടി

കണ്ടെത്തുമല്ലോ? അവയുടെ സവിശേഷതകൾ കൂടി രേഖപ്പെടുത്താൻ മറക്കല്ലേ. മൊബൈലിൽ ഡിജിറ്റൽ ആൽബം നിർമ്മിക്കാനുള്ള ഏതെങ്കിലും ആപ്പിലേക്ക് നിങ്ങളുടെ ചിത്രങ്ങൾ ചേർത്ത് ആൽബം ഉണ്ടാക്കാം. ആൽബം ഉണ്ടാക്കാൻ മുതിർന്നവരുടെ സഹായം തേടാം.

## പ്രവർത്തനം 4 - എന്റെ വമ്പ്

2021 അന്താരാഷ്ട്ര പഴംപച്ചക്കറി വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി പഴങ്ങളും പച്ചക്കറികളുമെല്ലാം ഒന്നിച്ചു കൂടിയ യോഗത്തിൽ പഴങ്ങളിൽ മുമ്പനായ മാമ്പഴം അധ്യക്ഷത വഹിച്ചു. യോഗത്തിൽ ഓരോരുത്തരായി അവരവരുടെ മേന്മകൾ പറഞ്ഞ് വീമ്പ് പറഞ്ഞു തുടങ്ങി. എന്തൊക്കെയായിരിക്കും അവർ പറഞ്ഞിട്ടുണ്ടാകുക? ഒന്നാലോചിച്ചുനോക്കൂ. അടുത്തു നടത്താൻ പോകുന്ന പഴംപച്ചക്കറി സംഗമത്തിന്റെ പ്രചാരണത്തിനായി ഓരോരുത്തരും പോസ്റ്ററുകൾ തയ്യാറാക്കണമെന്ന് തീരുമാനിച്ചു. പച്ചക്കറികളും പഴങ്ങളുമൊക്കെ അവരവരുടെ മേന്മകൾക്ക് പ്രാധാന്യം ലഭിക്കും വിധമാണ് പോസ്റ്ററുകൾ നിർമിച്ചത്.

നിങ്ങളും ഒരു പോസ്റ്റർ തയ്യാറാക്കി നോക്കൂ. നിങ്ങൾക്ക് ഇഷ്ടമുള്ള ഏതെങ്കിലും ഒരു പഴത്തിനോ പച്ചക്കറിക്കോ പ്രാധാന്യം ലഭിക്കും വിധമാണ് പോസ്റ്റർ തയ്യാറാക്കേണ്ടത്.

## പ്രവർത്തനം 5 - വെൽഡൺ ടോക്കിയോ

കോവിഡ് വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും രണ്ട് കായികോത്സവങ്ങൾക്ക് ലോകം സാക്ഷിയായി. ഒളിമ്പിക്സും പാരാലിമ്പിക്സും. പുതിയ ദൂരവും വേഗവും ഉയരവും തേടി ലോകത്തെങ്ങുമുള്ള കായിക താരങ്ങൾ കളത്തിലിറങ്ങി. ഒട്ടേറെ മികച്ച പ്രകടനങ്ങൾക്കും ടോക്കിയോ വേദിയായി. എല്ലാ വിവേചനങ്ങൾക്കുമപ്പുറം മാനവികതയുടെ പതാക ഉയർന്നു പറക്കുന്ന അപൂർവ്വ നിമിഷങ്ങൾക്ക് സാക്ഷിയാവാനും അവസരമുണ്ടായി. നിങ്ങളും ഈ കായികോത്സവങ്ങളിലെ കുതിപ്പുകളും കിതപ്പുകളും ശ്രദ്ധിച്ചിട്ടുണ്ടാവും. പത്രങ്ങളിലും ആനുകാലികങ്ങളിലും വന്ന വാർത്തകൾ, ചിത്രങ്ങൾ ഒക്കെ നിങ്ങൾ കണ്ടിരിക്കും. അവയെല്ലാം പ്രയോജനപ്പെടുത്തി ഒരു കൊളാഷ് തയ്യാറാക്കിയാലോ? വാർത്തകൾക്കും ചിത്രങ്ങൾക്കും പുറമെ മറ്റ് വസ്തുക്കളും ഉപയോഗിക്കാം. നിങ്ങളുടെ മനസ്സിൽ തറഞ്ഞ ഒളിമ്പിക്സ്/പാരാലിമ്പിക്സ് അനുഭവത്തെയാണ് ചിത്രീകരിക്കേണ്ടത്. ഒരു തലക്കെട്ട് നൽകാനും മറക്കരുത്. മുതിർന്നവരുടെ സഹായം തേടാൻ മടിക്കേണ്ട.

# സർഗാത്മക രചന

## പ്രവർത്തനം 1 - അവരോടൊപ്പം

2005 ജൂലൈ 1 - കുട്ടികളുണ്ടാക്കുന്ന യുറീക്ക - പേജ് 23 ൽ മൂന്നാം ക്ലാസ്സുകാരി സാബിറ എഴുതിയ 'കാക്കയുടെ ഡയറി' വായിക്കൂ. ഇത്തരം ദുരന്തങ്ങൾ ഏതു ജീവിക്കുമുണ്ടാകാം. ഉദാ. തെരുവുപട്ടിക്ക് , കുറുക്കന്, തുമ്പിക്ക്, പൂമ്പാറ്റക്ക്, ഓന്തിന്...

ഇങ്ങനെ ഏതെങ്കിലും ഒരു ജീവി ആയി സ്വയം സങ്കല്പിച്ച് ഒരു ഡയറി എഴുതിനോക്കൂ.

## പ്രവർത്തനം 2 - മാനം നോക്കിയെഴുതാം

2020 ഫെബ്രുവരി ഒന്നാം ലക്കം യുറീക്കയിലെ വരേം കുറീം എന്ന പംക്തിയിൽ മാനം നോക്കിയെഴുതാം എന്ന രചനയിൽ കെ.സതീഷ് വരച്ച ചിത്രമാണ് ഇതോടൊന്നിച്ചുള്ളത്.




ഈ ചിത്രം നമ്മളോടെന്തെല്ലാം പറയുന്നുണ്ടാവും. ഈ ചിത്രം നിങ്ങളുടെ മനസ്സിൽ ഉണർത്തുന്ന ചിന്തകൾ എഴുതി നോക്കിയാലോ? കഥ, കവിത, അടിക്കുറിപ്പ്, കത്ത്, ലേഖനം - വ്യവഹാര രൂപം ഏതുമാവാം. ഒന്നെഴുതി നോക്കൂ

## പ്രവർത്തനം 3 - കാക്ക വിചാരം

പക്ഷികളേയും മൃഗങ്ങളേയും കുറിച്ചുള്ള ധാരാളം കഥകൾ കൂട്ടുകാർ കേട്ടിട്ടുണ്ടാവും. ചില മൃഗങ്ങളും പക്ഷികളും ബുദ്ധിയുള്ളവർ, നല്ലവർ, മറ്റു ചിലർ മണ്ടശ്ശിരോമണികൾ, ദുഷ്ടർ എന്നിങ്ങനെയാണ് പല കഥകളിലും അവതരിപ്പിച്ചിട്ടുണ്ടാവുക. 2001 ആഗസ്റ്റ് ലക്കം യുറീക്കയിൽ കുഞ്ഞിക്കാക്കയുടെ പാട്ട് എന്ന ഒരു കഥയുണ്ട്. ഒന്ന് വായിച്ചു നോക്കൂ. കാക്കമ്മയെപ്പറ്റിച്ച് അപ്പം തട്ടിയെടുത്ത കുറുക്കനെ ബുദ്ധി കൊണ്ട് തോല്പിക്കുന്ന കുഞ്ഞിക്കാക്കയെ ആണ് ഈ കഥ അവതരിപ്പിക്കുന്നത്. പറഞ്ഞ് പറഞ്ഞ് മനസ്സിൽ പതിഞ്ഞു പോയ കഥയെ മാറ്റിയെഴുതിയിരിക്കുകയാണിവിടെ. കാക്കയെപ്പറ്റിച്ച് അപ്പം തട്ടിയെടുത്ത കുറുക്കനെക്കുറിച്ചുള്ള പഴയ കഥയും കുറുക്കന്റെ സൂത്രത്തിൽ വീഴാതെ അപ്പം സംരക്ഷിച്ച് പാട്ട് പാടിയ കുഞ്ഞിക്കാക്കയെക്കുറിച്ചുള്ള പുതിയ കഥയും കേൾക്കുന്ന കാക്ക എങ്ങനെയായിരിക്കും പ്രതികരിക്കുക. കാക്കയുടെ പക്ഷത്തുനിന്നു കൊണ്ട് കഥ വായിക്കൂ. ഈ കഥകൾ കേൾക്കുന്ന കാക്കക്ക് എന്താണ് തോന്നുക. കാക്കയുടെ വിചാരം നിങ്ങൾ ഭാവനയിൽ എഴുതി നോക്കൂ. '
ഇഷ്ടമുള്ള വ്യവഹാര രൂപം ( കഥ, കവിത കത്ത്, ഡയറി തുടങ്ങിയവ) സ്വീകരിക്കാം.

## പ്രവർത്തനം 4 - കൂടുമാറ്റം

2020 ഫെബ്രുവരി ഒന്നാം ലക്കം യുറീക്കയിൽ "ഓർമ്മ@50" എന്ന പംക്തിയിൽ 1990 ലെ യുറീക്കയിൽ ലിജിൻ ജോസ് എന്ന കുട്ടി എഴുതിയ 'ഞാൻ ആനയായാൽ' എന്ന കഥയുണ്ട്. ആനയായാൽ എന്തൊക്കെ ചെയ്യും എന്നാണ് ആ കഥയിലൂടെ അന്നത്തെ ലിജിൻ (ഇന്ന് ലിജിൻ മാമൻ ) പറയുന്നത്. ആനയെ ഏറെ ഇഷ്ടമായതുകൊണ്ടാണ് ലിജിൻ ആനയായാൽ എഴുതിയത്. നിങ്ങളും ചുറ്റുമുള്ള ഒരു പാട് ജീവികളെ നിത്യവും കാണുന്നുണ്ടല്ലോ. പല തരം ജീവികൾ. ഒട്ടേറെ പ്രത്യേകതകളുള്ളവ. അവയെ നിങ്ങൾ എപ്പോഴെങ്കിലും നിരീക്ഷിച്ചിട്ടുണ്ടാവും. ലിജിൻ ആനയായി സങ്കല്പിച്ചതു പോലെ നിങ്ങളും ഇഷ്ടപ്പെട്ട ഒരു ജീവിയായി സങ്കല്പിച്ച് ഒരു കഥയെഴുതിയാലോ? നല്ല രസാവും ല്ലേ. ഒന്നെഴുതിനോക്കൂ. ആ ജീവിയുടെ പ്രത്യേകതകളെല്ലാം നിരീക്ഷിച്ചതിനു ശേഷം വേണം കഥയിലേക്ക് കടക്കാൻ.

## പ്രവർത്തനം 5 - നിങ്ങൾക്കും കമന്റേറ്ററാകാം

കൂട്ടുകാരേ,
നിങ്ങൾ ദൃക്സാക്ഷി വിവരണം എന്ന് കേട്ടിട്ടുണ്ടോ? ഇംഗ്ലീഷിൽ കമന്ററി എന്നു പറയും. ഫുട്ബോൾ, ക്രിക്കറ്റ് കമന്ററികൾ നമുക്ക് സുപരിചിതമാണ്. മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ദൃക്സാക്ഷി വിവരണങ്ങൾ നിങ്ങൾ കേട്ടിട്ടുണ്ടാവും. (വള്ളംകളി, തൃശ്ശൂർ പൂരം എന്നിവയുടെ കമന്ററികളും ശ്രദ്ധേയമാണ്.) കളിയുടെ അല്ലെങ്കിൽ ഉത്സവത്തിന്റെ ആവേശം ചോരാതെ കേൾവിക്കാരിലേക്ക് എത്തിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്.

സൂര്യനെ തൊടാൻ കൊതിക്കുകയും അതിനായി ശ്രമിക്കുകയും ചെയ്യുന്ന ഉറുമ്പിന്റെ കഥയാണ് "സൂര്യനെ തൊടാനായി". ലിങ്കിൽ തൊട്ടാൽ നിങ്ങൾക്ക് കഥ വായിക്കാം. സൂര്യനെ തൊടാനുള്ള ഉറുമ്പിന്റെ ശ്രമങ്ങൾ ആവേശം ചോരാതെ കേൾവിക്കാരിലെത്തിക്കണം. ഒരു ദൃക്സാക്ഷി വിവരണം തയ്യാറാക്കു. അത് അവതരിപ്പിക്കുന്ന ഒരു ഓഡിയോ കൂടി ഉണ്ടാക്കണേ.

സൂര്യനെ തൊടാനായി എന്ന കഥ ഈ ലിങ്കിൽ വായിക്കാം. - [http://anyflip.com/ogtga/dpfk/]

# നിരീക്ഷണം

## പ്രവർത്തനം 1 - മുത്തശ്ശിക്കളി

പണ്ട് കാലത്ത് നമ്മുടെ നാട്ടിൽ ഉണ്ടായിരുന്ന പല കളികളും ഇന്ന് നമ്മൾ കളിക്കാറില്ല. പണ്ടുകാലത്ത് ഉണ്ടായിരുന്ന കളികളുടെ പേരുകളും, അതിൻറെ നിയമങ്ങളും മാതാപിതാക്കളോടോ, മുത്തശ്ശനോടോ മുത്തശ്ശിയോടോ ചോദിച്ച് കണ്ടുപിടിച്ച് കുറിച്ച്
വെക്കാമോ. ഇതിൽ ഒറ്റയ്ക്ക് കളിക്കുന്നവ, രണ്ടു പേർ ചേർന്നു കളിക്കുന്നവ, ടീമായി കളിക്കുന്നവ എല്ലാം വേണം. ചിലതെങ്കിലും കളിച്ച് വീഡിയോ എടുക്കാൻ സാധിച്ചാൽ ബഹുകേമം.

## പ്രവർത്തനം 2 - തെക്കും വടക്കും

ഈ പ്രവർത്തനം ചെയ്യാൻ കുറച്ച് വലിപ്പമുള്ള പേപ്പറാണ് നല്ലത്. വലിപ്പമുള്ളത് ഇല്ലെങ്കിൽ സാധാരണ A4 ഷീറ്റ് എങ്കിലും വേണം.

പേപ്പറിന്റെ നടുക്കായി നിങ്ങളുടെ വീട് വരക്കുക. വീടിന് ഒരു ചതുരം വരച്ചാൽ മതി. സൂര്യൻ ഉദിച്ച് വരുന്നത് വീടിന്റെ ഏത് വശത്താണ് എന്ന് നിങ്ങൾ കണ്ടിട്ടുണ്ടല്ലോ? അപ്പോൾ അത് കിഴക്കാണെന്നറിയാം. കിഴക്ക് അറിഞ്ഞാൽ പടിഞ്ഞാറും അറിയാം. പിന്നെ തെക്കും വടക്കും കണ്ടുപിടിക്കാം. അല്ലേ? പിന്നെ തെക്കു പടിഞ്ഞാറും വടക്കു പടിഞ്ഞാറും തെക്കു കിഴക്കും വടക്കു കിഴക്കുമൊക്കെ എവിടെയാണ് എന്ന് ഒന്ന് നോക്കി ഉറപ്പിച്ചോളൂ.

ഇനി ബാക്കി പണി തുടങ്ങാം. നിങ്ങളുടെ വീടിന്റെ നേരേ കിഴക്ക് ഏതെങ്കിലും വീടോ കെട്ടിടമോ ഉണ്ടോ? ഉണ്ടെങ്കിൽ പേപ്പറിൽ നിങ്ങളുടെ വീടിന്റെ നേരേ കിഴക്കുവശത്ത് അത് വരച്ചോളൂ. ഇനി എവിടെയാണ് വേറെ കെട്ടിടം ഉള്ളത് ? തെക്കു വശത്ത് ഉണ്ടെങ്കിൽ അതും വരച്ചോളൂ. കിഴക്കുവശത്തെ വീടിനേക്കാൾ ദൂരെയാണ് തെക്കുവശത്തെ വീടെങ്കിൽ പേപ്പറിൽ വരക്കുമ്പോൾ തെക്കുവശത്തെ വീട് ദൂരേക്കാക്കി വരക്കണം ട്ടോ. ഇടക്ക് ദൂരെ മാറി തെക്കുപടിഞ്ഞാറൊരു വീടുണ്ടെങ്കിൽ ആ ദിശയിൽ അതും വരക്കണം. പിന്നെ അടുത്ത് റോഡോ പാലമോ മറ്റോ ഉണ്ടെങ്കിൽ അതും വരച്ച് ചേർക്കാം. ഇനി ഒരു കാര്യം കൂടി ചെയ്യണം. പേപ്പറിൽ വടക്ക് എവിടെയാണോ അവിടേക്ക് ഒരു അമ്പടയാളം വരച്ച് വടക്ക് എന്ന് എഴുതി വക്കുകയും വേണം. എല്ലാ ദിക്കും കാണിക്കുന്ന ഒരു ചിത്രം ചെറുതായി പേപ്പറിൽ ചേർത്താൽ നന്നാകും.

നിങ്ങൾ വരച്ച ചിത്രത്തിന്റെ ഒരു ഫോട്ടോ എടുത്ത് കൂട്ടുകാരന് വാട്ട്സപ്പിൽ അയച്ച് കൊടുക്കൂ. എന്നിട്ട് ഫോണിലൂടെ എന്റെ വീടിന്റെ വടക്കുവശത്ത് വീടുണ്ടോ ? കിഴക്കുവശത്തെ വീടാണോ തെക്കുവശത്തെ വീടാണോ അടുത്ത്? ഇത്തരത്തിലുള്ള കുറച്ച് ചോദ്യങ്ങൾ ചോദിക്കൂ. കൂട്ടുകാരൻ നൽകുന്ന ഉത്തരം ശരിയാണെങ്കിൽ നിങ്ങൾ വരച്ച ചിത്രം ഉഷാർ.

## പ്രവർത്തനം 3 - പലതരം പല വിധം

കൂട്ടുകാരേ,
നമുക്ക് തൊട്ടടുത്തുള്ള തൊടിയിലേക്ക് ഒന്നിറങ്ങിയാലോ? ഒന്ന് ചുറ്റും നോക്കൂ. എത്ര തരം സസ്യങ്ങളാണ്. കണ്ണ് കുളിർക്കുന്നു. അല്ലേ? ഉയർന്നുയർന്നു പോകുന്നവ, ഉയരമില്ലാത്തവ, വലിയ ഇലകളുള്ളവ, പൂക്കളുള്ളവ, കായ്കനികളുള്ളവ, തൊട്ടാൽ വാടുന്നവ, ചൊറിയുന്നവ, പടർന്ന് പന്തലിക്കുന്നവ, ഒറ്റത്തടിയായി വളരുന്നവ, പടർന്നു കയറുന്നവ. ഈ പട്ടിക ഇനിയും നീട്ടാം. എങ്കിൽ നമുക്ക് ഇവയെ ഒന്ന് പട്ടികപ്പെടുത്താൻ ശ്രമിച്ചു നോക്കിയാലോ. ഒരു പേനയും പുസ്തകവും എടുത്തോളൂ. പതുക്കെ തൊടിയിലേക്കിറങ്ങാം. ആദ്യം എല്ലാമൊന്ന് എഴുതിവെക്കാം. ആദ്യം പേരറിയുന്നവ. അറിയാത്തവ മുതിർന്നവരോട് ചോദിച്ച് എഴുതാം. എല്ലാം ആയോ? ഒന്നും വിട്ടു പോവരുത്. എഴുതുമ്പോൾ സസ്യത്തിന്റെ സ്വഭാവം, മറ്റ് സവിശേഷതകൾ എല്ലാം എഴുതണേ. എഴുതിക്കഴിഞ്ഞ് അതിനെ ഒന്ന് വർഗ്ഗീകരിച്ച് പട്ടികപ്പെടുത്തി നോക്കൂ. ഉപയോഗം അറിയാമെങ്കിൽ അത് എഴുതാൻ മറക്കരുത്. കൂട്ടത്തിൽ മനോഹരമായ ഒരു നിരീക്ഷണക്കുറിപ്പുകൂടി ആയാൽ ഗംഭീരം. എന്താ തയ്യാറല്ലേ? സഹായത്തിന് 2007 ജൂലൈ രണ്ടാം ലക്കം യുറീക്ക വായിക്കൂ.

## പ്രവർത്തനം 4 - എന്തോരം കറികളാ...

ആഹാരത്തിൽ ഇലക്കറികൾ ഉൾപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം എല്ലാവരും എടുത്ത് പറയാറുണ്ട്.പോഷകമൂല്യം കൊണ്ട് സമ്പന്നമാണവ. പണം കൊടുത്തു വാങ്ങാതെ നമ്മുടെ ചുറ്റുപാടുകളിൽ നിന്നു തന്നെ ലഭിക്കുന്ന ഇലകൾ ആഹാരയോഗ്യമാണ്. ഏതൊക്കെ ഇലകളാണ് നാം ഭക്ഷണത്തിനായി ഉപയോഗിക്കുന്നത്. വിവിധ തരം ചീരകൾ, മുരിങ്ങ, തകര, താള് -അങ്ങനെ എത്രയെത്ര അല്ലേ?. അന്വേഷിച്ച് കണ്ടെത്തി വിവരങ്ങൾ രേഖപ്പെടുത്തിയാലോ. നമുക്ക് ചുറ്റുമുള്ള ഭക്ഷ്യയോഗ്യമായ ഇലകൾ, അവയുടെ പ്രത്യേകതകൾ, കറി വക്കുന്ന രീതി തുടങ്ങിയ കാര്യങ്ങൾ ചേർത്ത് ഒരു ഇലക്കറി ഡയറക്ടറി തയ്യാറാക്കാം. സഹായത്തിന് 2007 ജൂലൈ രണ്ടാം ലക്കം യുറീക്ക നോക്കൂ.

## പ്രവർത്തനം 5 - പൊടിപൂരം

നിങ്ങളുടെ കിടപ്പുമുറിയിൽ നല്ല ഇരുട്ടുള്ളപ്പോൾ ഒരു ടോർച്ചുമായി പ്രവേശിക്കൂ. വാതിലും ജനലുമെല്ലാം അടച്ച കർട്ടനിടുക. ടോർച്ച് നല്ല തെളിച്ചമുള്ളതും വെളിച്ചം പരന്നുപോകാത്തതും ആകണം. ജനലിന്റെ താഴത്തെ ഒരു പാളി തുറന്നുവെച്ച് നേരെ എതിർഭാഗത്തു നിന്ന് ടോർച്ചടിക്കുക. വെളിച്ചം ഭിത്തിയിൽ തട്ടി പ്രതിഫലിക്കാതെ അതിലൂടെ പുറത്തു പോകട്ടെ. ഇനി ടോർച്ചിന്റെ പ്രകാശബീം പോകുന്ന വഴി ശ്രദ്ധയോടെ നിരീക്ഷിക്കുക. എന്താണ് കാണുന്നത് ? പുതപ്പ് ഒന്നു കുടഞ്ഞ ശേഷമാണെങ്കിലോ ? പഴയപടിയാകാൻ എത്ര സമയമെടുത്തു. നിങ്ങൾ അന്നിട്ട കുപ്പായം കുടഞ്ഞ്, നിങ്ങളുടെ പുസ്തക സഞ്ചി കുടഞ്ഞ് ഒക്കെ പരിശോധിക്കാം. വീട്ടിലെല്ലാവരെയും

കാണിച്ച കൊടുക്കണേ. നിങ്ങൾ ഉപയോഗിക്കാതെ തന്നെ വസ്ത്രങ്ങളും ബെഡ് ഷീറ്റും മേശപ്പുറവും ഒക്കെ മുഷിയുന്നത് എങ്ങനെയെന്ന് മനസ്സിലായോ? എല്ലാം വ്യക്തമായി കുറിച്ച വെക്കണേ .

# പരീക്ഷണം

## പ്രവർത്തനം 1 - ഒരു ബലൂൺ പരീക്ഷണം

നമുക്ക് വീട്ടിലുള്ള എല്ലാവരെയും ഒരു പരീക്ഷണം കാണിച്ചാലോ? ഒരു വലിയ കുപ്പി (സ്കൂളിൽ കൊണ്ടുപോകുന്ന വാട്ടർ ബോട്ടിൽ മതി) എടുത്ത് അതിന്റെ വായ്ഭാഗത്ത് ഒരു കാറ്റ് നിറയ്ക്കാത്ത ബലൂണിന്റെ വായ്ഭാഗം ഉറപ്പിക്കുക. കുപ്പി ഒരു പാത്രത്തിലെ ചൂടുവെള്ളത്തിൽ വെക്കുക. ബലൂണിനുണ്ടാകുന്ന മാറ്റം ശ്രദ്ധിക്കുക. പാത്രത്തിലെ വെള്ളം കൂടുതൽ ചൂടാക്കുക (തിളച്ച വെള്ളം ഒഴിച്ചാൽ മതി). ബലൂണിനുണ്ടാകുന്ന മാറ്റം കുറിക്കുക. അതിന്റെ കാരണവും എഴുതണം. അതിനു ശേഷം വീട്ടിൽ എല്ലാവരെയും കാരണം പറയാൻ വെല്ലു വിളിക്കാം.

## പ്രവർത്തനം 2 - വെള്ളത്തെ ഉയർത്താം

വീടുപണിക്ക് വരുന്ന മേസ്തിരിമാർ സാധാരണ ഉപയോഗിക്കുന്ന നീളമുള്ള റബ്ബർ /പ്ലാസ്റ്റിക് കുഴൽ കണ്ടിട്ടില്ലേ? അതിനുള്ളിൽ വെള്ളമൊഴിച്ചാൽ വെള്ളം എത്ര ഉയരത്തിലുണ്ട് എന്ന് കാണാൻ കഴിയും. അത്തരത്തിൽ ഉള്ളിൽ വെള്ളമൊഴിച്ചാൽ വെള്ളത്തിന്റെ മുകൾ നിരപ്പ് കാണാൻ കഴിയുന്ന ഏതാണ്ട് രണ്ട് മീറ്റർ നീളമുള്ള ഒരു കുഴൽ എടുക്കുക. ജനൽ അഴികളിൽ നിന്ന് കുത്തനെ U ആകൃതിയിൽ അതിനെ കെട്ടിത്തൂക്കുക. (ശരിയായ U അല്ല , ഒരറ്റം അരമീറ്ററും മറ്റെ അറ്റം ഒന്നര മീറ്ററും പൊക്കത്തിലാകട്ടെ ). ഉയരം കുറഞ്ഞ അറ്റത്തു കൂടി കുറച്ച് വെള്ളം ഒഴിക്കുക. വളഞ്ഞിരിക്കുന്ന കുഴലിൽ ഇപ്പോൾ വെള്ളം കിടക്കുന്നത് എങ്ങനെ എന്ന് ശ്രദ്ധിച്ച് നോക്കുക. കുറച്ചു കൂടി വെള്ളം ഒഴിക്കുക. വെള്ളം ഉയരുന്ന രീതി ശ്രദ്ധിക്കണേ. ജലവിതാനത്തിന്റെ ഉയരം നീളം കുറഞ്ഞ അറ്റത്തിന്റെ പകുതിവരെ ആയാൽ നിർത്തുക. വെള്ളം ഒഴിച്ചപ്പോൾ നിങ്ങൾ ശ്രദ്ധിച്ച കാര്യങ്ങൾ കുറിച്ച് വക്കുക.

ഇനി കുഴലിന്റെ ഉയരം കുറഞ്ഞ അറ്റത്ത് വായ വെച്ച് ഊതുക. മറുഭാഗത്ത് എത്ര ഉയരത്തിൽ വെള്ളത്തെ ഉയർത്താൻ കഴിയുന്നുണ്ട്? വീട്ടിൽ ആർക്കാണ് ഏറ്റവും കൂടുതൽ ഉയർത്താൻ കഴിയുന്നത് എന്നും നോക്കൂ. (കൊറോണക്കാലമായതു കൊണ്ട് പുറത്തു നിന്നുള്ളവരെ വെല്ലുവിളിക്കണ്ട കേട്ടോ )

ഇനി നമുക്ക് ഒരു കാര്യം കൂടി ചെയ്തു നോക്കാം. ഒരു ബലൂൺ എടുത്ത് ചെറുതായി വീർപ്പിച്ച് കുഴലിന്റെ നീളം കുറഞ്ഞ അറ്റത്ത് വച്ച് കെട്ടുക. കാറ്റ് പോകാതെ ബലൂൺ വച്ച് കെട്ടാൻ ആരുടെ സഹായം വേണമെങ്കിലും തേടാം. കുഴലിന്റെ രണ്ട് അറ്റത്തും വെള്ളത്തിന്റെ ഉയരം എവിടെ വരെയാണ് എന്ന് നോക്കുക. ഇനി ബലൂൺ എടുത്ത് കുറച്ചു കൂടി വീർപ്പിക്കുക. വീണ്ടും കുഴലിൽ ഉറപ്പിക്കുക. ഇപ്പോൾ വെള്ളത്തിന്റെ നിരപ്പിൽ എന്ത് മാറ്റമാണ് വന്നത് ? ബലൂൺ കുറച്ചു കൂടി വീർപ്പിച്ച് ഒന്ന് കൂടി ചെയ്തു നോക്കൂ. നിങ്ങൾ ചെയ്ത കാര്യങ്ങളും നിരീക്ഷണങ്ങളും അനുമാനങ്ങളും കുറിച്ചു വക്കണേ.

## പ്രവർത്തനം 3 - സൂര്യനു നേരെ

കട്ടിയുള്ള, എ4 വലിപ്പത്തിലുള്ള, ഒരു പേപ്പർ എടുക്കുക. ആ പേപ്പറിൽ പല സ്ഥലത്തായി മൂന്ന് രൂപങ്ങൾ വരക്കണം, ഒന്നാമത്തേത് 5 മില്ലീമീറ്റർ വ്യാസമുള്ള ഒരു വൃത്തം, രണ്ട് 5 മില്ലീമീറ്റർ വശമുള്ള ഒരു സമചതുരം, മറ്റൊന്ന് 5 മില്ലീമീറ്റർ വശമുള്ള ഒരു ത്രികോണം. ത്രികോണത്തിന്റെ എല്ലാ വശങ്ങളും 5 മില്ലീമീറ്റർ ആയിരിക്കണം. ഇനി ആ മൂന്ന് രൂപങ്ങളും പേപ്പറിൽ നിന്ന് മുറിച്ച് മാറ്റണം, മുറിച്ചെടുക്കാൻ മുതിർന്നവരുടെ സഹായം തേടണം. ബ്ലേഡോ കട്ടറോ ഉപയോഗിച്ച് മുറിച്ച് മാറ്റാവുന്നതാണ്.

ഇനി കറുത്ത നിറമുള്ള ഒരു എ4 പേപ്പർ എടുത്ത് നല്ല വെയിലുള്ള സ്ഥലത്ത് തറയിൽ വെക്കുക. കറുത്ത് നിറമുള്ള പേപ്പർ ഇല്ലെങ്കിൽ പേപ്പറിൽ കറുത്ത ചായം കട്ടിയിൽ പൂശിയാലും മതി. എന്നിട്ട് കറുത്ത പേപ്പറിലേക്ക് ദ്വാരങ്ങളിലൂടെ പ്രകാശം വീഴത്തക്ക വിധം വൃത്തവും സമചതുരവും ത്രികോണവും വെട്ടിയെടുത്ത പേപ്പർ സൂര്യനു നേരെ പിടിക്കുക. ഉച്ച സമയത്ത് നല്ല വെയിൽ ഉള്ളപ്പോൾ ചെയ്യുന്നതാവും നല്ലത്. ആദ്യം വളരെ താഴ്ത്തി പിടിച്ചാൽ മതി. ഇപ്പോൾ എന്താണു കാണുന്നത്? ത്രികോണത്തിലൂടെയും ചതുരത്തിലൂടെയും വട്ടത്തിലൂടെയും വരുന്ന പ്രകാശം പേപ്പറിൽ വീഴുന്നത് കാണുന്നില്ലേ? അതിന്റെ ആകൃതി എന്താണ്? അത് ഒരു നോട്ടു പുസ്തകത്തിൽ കുറിച്ച് വെക്കൂ. ഇനി ദ്വാരമിട്ട പേപ്പർ പതുക്കെ മുകളിലേക്ക് ഉയർത്തുക. കറുത്ത പേപ്പറിലേക്ക് വീഴുന്ന പ്രകാശത്തിന്റെ ആകൃതിക്ക് എന്തെങ്കിലും മാറ്റം വരുന്നുണ്ടോ? കൂടുതൽ മുകളിലേക്ക് ഉയർത്തി നോക്കൂ. ആകൃതിക്ക് എന്ത് മാറ്റമാണ് വരുന്നത്. കുറിച്ച് വെക്കൂ. വീട്ടുകാരെ വിളിച്ച് കാണിച്ച് കൊടുക്കുകയും വേണം. ഇതേ പരീക്ഷണം ബൾബിന്റെയും ട്യൂബ് ലൈറ്റിന്റെയും പ്രകാശത്തിൽ ആവർത്തിക്കൂ. നിങ്ങളുടെ കണ്ടെത്തലുകൾ കുറിച്ച് വെക്കാൻ മറക്കരുത്.

## പ്രവർത്തനം 4 - മായമല്ല, മന്ത്രമല്ല

നമുക്ക് വീട്ടുകാരെ ഒക്കെ അതിശയിപ്പിക്കുന്ന ഒരു മാജിക്ക് കാണിച്ചാലോ? റെഡിയല്ലേ? എന്നാൽ വേണ്ട സാധനങ്ങൾ ആദ്യം തയ്യാറാക്കിക്കോളൂ.

ഒരു ബക്കറ്റിൽ മുക്കാൽ ഭാഗം വെള്ളം, ഒരു കുപ്പിഗ്ലാസ്, പിന്നെ പത്രത്തിന്റെ ഒരു പേജും. ഇത്രയും മതി മാജിക്ക് കാണിക്കാൻ. കുപ്പി ഗ്ലാസ് ആരും അത്ര ശ്രദ്ധിക്കാത്ത വിധത്തിൽ മാറ്റി വച്ചിരിക്കണം.

മാജിക് കാണാൻ വീട്ടുകാരെയെല്ലാം വിളിക്കുക. പത്രക്കടലാസ് ഉയർത്തി കാണിച്ച് ഇത് വെള്ളത്തിലേക്ക് താഴ്ത്തിയാൽ എന്ത് സംഭവിക്കും എന്ന് ചോദിക്കുക. നനയും എന്ന് എല്ലാവരും ഉത്തരം പറയും. ഇത് ഒരു സാധാരണ പത്രമാണ് എന്ന് ഉറപ്പു വരുത്താനായി അത് അവരോടൊക്കെ പരിശോധിക്കാൻ പറയുക. അവരൊക്കെ അത് കയ്യിൽ എടുത്ത് നോക്കട്ടെ. ഇനിയാണ് നമ്മൾ മാജിക് കാണിക്കുന്നത്.

കുപ്പിഗ്ലാസ് എടുത്ത് അതിന്റെ ഉള്ളിലേക്ക് പത്രം ചുരുട്ടി കടത്തി വക്കുക. പത്രം ഗ്ലാസിനുള്ളിൽ അടിഭാഗത്തായി ഇരിക്കണം. ഒട്ടും ഗ്ലാസിന് പുറത്തേക്ക് നിൽക്കരുത്. (ഗ്ലാസ് കമഴ്ത്തിയാൽ പത്രം താഴെ പോകരുത്. ഇത് നേരത്തേ അതേ വലിപ്പമുള്ള മറ്റൊരു പത്രം കൊണ്ട് ആരും കാണാതെ ചെയ്തു നോക്കി ഉറപ്പിച്ചിരിക്കണം) ഗ്ലാസ് കമഴ്ത്തി പിടിച്ച് വെള്ളത്തിലേക്ക് കുത്തനെ താഴ്ത്തുക. ഗ്ലാസ് ചരിയാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. കുറച്ച് നേരം അങ്ങനെ വച്ച ശേഷം ഗ്ലാസ് ഉയർത്തുക. അതിനുള്ളിൽ നിന്നും പത്രം പുറത്ത് എടുത്ത് നിവർത്തി പരിശോധിക്കാൻ കൊടുക്കുക. പത്രം ഒട്ടും നനഞ്ഞിട്ടില്ല.

മാജിക് അടിപൊളി ആയില്ലേ? ഇനി മാജിക് നടത്തിയപ്പോഴത്തെ നിങ്ങളുടെ അനുഭവം കുറിക്കുക. ഒപ്പം എന്തുകൊണ്ടാണ് പത്രം നനയാതിരുന്നത് എന്ന് കൂടി എഴുതണം.

## പ്രവർത്തനം 5 - അമ്പട ഉറുമ്പേ...

ഉറുമ്പുകൾ നീണ്ട ജാഥയായി പോകുന്നത് നിങ്ങൾ കണ്ടിട്ടില്ലേ ? ചിലപ്പോൾ മുട്ടകളും പേറി കൂടൊഴിഞ്ഞു പോകുന്നതാകാം; ചിലപ്പോൾ ഭക്ഷണം ശേഖരിച്ച് കൂട്ടിലേക്ക് പോകുന്നതാകാം. അത്തരം ഒരു ഉറുമ്പു ജാഥയെ നിരീക്ഷിക്കൂ . ജാഥ ഇല്ലെങ്കിൽ ഉണ്ടാക്കണം. കുറച്ചു പഞ്ചസാരയോ ശർക്കരപ്പൊടിയോ ഒരിടത്ത് വിതറിയാൽ മതി. ഇനി നിങ്ങൾ ചെയ്യേണ്ടത് ഇതാണ് : ഉറുമ്പുകളുടെ പാതയിൽ ഒരു ചെറിയ തടസ്സം വെക്കുക. ഉദാ:- ഒരു ചെറിയ കല്ലോ കുപ്പിയുടെ അടപ്പോ. ഉറുമ്പു വഴി തിരിഞ്ഞു പോകുമോ കേറി ഇറങ്ങിപ്പോകുമോ ? കുറിച്ചു വെക്കൂ. ഇനി അല്പം കൂടി വലിയ ഒരു തടസ്സം വെക്കൂ. പിന്നെ നീളം കൂടിയ തടസ്സം (ഒരു പെൻസിൽ ) . പിന്നെ നീളവും ഉയരവും കൂടിയത് (ഒരു മരക്കഷണം ) പിന്നെ ഒരു ഗ്ലാസ്സ് , ഒരു നൂല് ചാരം, ഒരു കടലാസ് മടക്കിയത് ... ഇങ്ങനെ നിങ്ങടെ ഭാവനയ്ക്കൊത്ത് എന്തും. ഓരോ സമയത്തുമുള്ള ഉറുമ്പുകളുടെ പ്രതികരണം കുറിക്കുകയും വീഡിയോയിൽ പകർത്തുകയും ചെയ്യൂ. ഉറുമ്പുകളുടെ പെരുമാറ്റത്തെ പറ്റി നിങ്ങൾ എന്താണ് കണ്ടെത്തിയത്?

# നിർമാണം

## പ്രവർത്തനം 1 - മൃഗശാല

മൈദ/ഗോതമ്പ്മാവ് കുഴച്ച് മൂന്നോ അതിലധികമോ രൂപങ്ങൾ ഉണ്ടാക്കുക. ഒന്ന് ഒരു പൂച്ച ആയിരിക്കണം. ചില വിത്തുകൾ, കടുക്, കുരുമുളക്, പയർ, ഈർക്കിൽ മുതലായ വസ്തുക്കൾ വേണ്ടിടത്ത് ഉപയോഗിക്കാം. കടലാസ്, തുണി മുതലായ വസ്തുക്കളും പെയിന്റും ഉപയോഗിക്കരുത്. ഒരു രൂപം ഉണ്ടാക്കി അതിന്റെ ഫോട്ടോ , നിങ്ങളുടെ മുഖം കൂടി കിട്ടുംവിധം (സെൽഫി) എടുത്ത ശേഷം അതേ കുഴച്ച മാവുകൊണ്ടു തന്നെ അടുത്ത രൂപവും ഉണ്ടാക്കാം. വീട്ടിലുള്ള ആരുടെയും സഹായം തേടാം. പക്ഷേ ഉണ്ടാക്കുന്നത് നിങ്ങളായിരിക്കണം. എങ്ങനെയുണ്ട് നിങ്ങളുണ്ടാക്കിയ രൂപങ്ങൾ?

## പ്രവർത്തനം 2 - പലഹാരവിശേഷം

കൂട്ടുകാർക്ക് എല്ലാവർക്കും ഇലയട ഇഷ്ടമല്ലേ? വറുത്ത അരിപ്പൊടി ഉപ്പും വെള്ളവും ചേർത്തു കുഴച്ച് ഇലയിൽ പരത്തിയെടുത്ത് നടുവിൽ ശർക്കരയും തേങ്ങയും വച്ച് മടക്കി ആവിയിൽ വേവിച്ചെടുക്കുന്ന ഇലയട.... ഓർക്കുമ്പോൾ തന്നെ വായിൽ വെള്ളമൂറുന്നു അല്ലേ?

ഇലയട പോലെ നമ്മുടെ നാട്ടിൽ ധാരാളം നാടൻ പലഹാരങ്ങളുണ്ട്. പുതിയ പലഹാരങ്ങളുടെ കടന്നുകയറ്റത്തിൽ വിസ്മൃതിയിലാണ്ടുപോയ രുചികരമായ പലഹാരങ്ങൾ. കുറഞ്ഞ ചിലവിൽ നമ്മുടെയൊക്കെ വീട്ടിൽ ഉണ്ടാക്കാവുന്ന രുചികരമായ ഇത്തരം നാടൻ പലഹാരങ്ങൾ എന്തെല്ലാമെന്ന് നിങ്ങൾ അമ്മയോടോ അമ്മൂമ്മയോടോ വീട്ടിലെ മറ്റ് മുതിർന്നവരോടൊ അന്വേഷിച്ച് നോക്കി ഒരു പട്ടിക തയ്യാറാക്കൂ. കഴിയുന്നത്ര പലഹാരങ്ങളുടെ നിർമാണ രീതിയും കുറിച്ചെടുക്കണം.


നിങ്ങൾക്ക് ഏറ്റവും ഇഷ്ടമുള്ള ഒരു നാടൻ പലഹാരം വീട്ടുകാരുടെ സഹായത്തോടെ ഉണ്ടാക്കുകയും വേണം. ഉണ്ടാക്കുന്നതിന്റെ വീഡിയോ എടുത്ത് സൂക്ഷിക്കണേ.

## പ്രവർത്തനം 3 - ഓലകൊണ്ടുണ്ടാക്കാം

കൂട്ടുകാരേ,
തെങ്ങിന്റെ ഓലകൊണ്ട് എന്തെല്ലാം കളിപ്പാട്ടങ്ങളുണ്ടാക്കാം. ഓലപ്പീപ്പി, പമ്പരം, വാച്ച്.. അങ്ങനെ എത്രയെത്ര സാധനങ്ങൾ അല്ലേ!അങ്ങനെയെങ്കിൽ ഓല ഉപയോഗിച്ച്നിങ്ങൾക്ക് ഇഷ്ടമുള്ള ഏതെങ്കിലും 4 കളിപ്പാട്ടങ്ങൾ ഉണ്ടാക്കി നോക്കൂ.ഏതെങ്കിലും രൂപങ്ങളും വസ്തുക്കളും ആവാം. സ്വന്തമായി ഉണ്ടാക്കണേ.

## പ്രവർത്തനം 4 - കടലാസുകൊണ്ടൊരു പട്ടിക്കുട്ടി

പേപ്പർ മടക്കി രൂപങ്ങൾ ഉണ്ടാക്കുന്ന വിദ്യായാണല്ലോ ഒറിഗാമി. പലതരം ഒറിഗാമി രൂപങ്ങൾ യുറീക്കയിലൂടെ നിങ്ങൾ പരിചയപ്പെട്ടിട്ടുണ്ടാകും. നിർമ്മാണവും ഭാവനയും കൂടി ചേരുമ്പോഴാണ് ഒറിഗാമിയിൽ മിടുക്കരാകുക.
നമുക്കൊരു ഒറിഗാമി പട്ടിക്കുട്ടിയെ നിർമ്മിച്ചാലോ? എങ്കിൽ മറ്റ് മടക്കുകളൊന്നുമില്ലാത്ത ഒരു സമചതുരാകൃതിയിലുള്ള പേപ്പർ എടുത്തോളൂ . ഇനി താഴെ നൽകിയിട്ടുള്ള ചിത്രത്തിലെ 1 മുതൽ 6 വരെയുള്ള നമ്പർ നൽകിയിട്ടുള്ള ഓരോ ഘട്ടവും നിരീക്ഷിച്ച് അതു പോലെ മടക്കി മടക്കി നോക്കൂ. ഒരു കുഞ്ഞ് പട്ടിക്കുട്ടിയുടെ രൂപം വന്നോ? മനോഹരമാക്കാൻ കണ്ണും മൂക്കുമെല്ലാം വരച്ചു ചേർക്കാം. ചിത്രം നിരീക്ഷിച്ച് അതുപോലെ മടക്കുകൾ ഉണ്ടാക്കുക എന്നത് ആദ്യം അല്പം പ്രയാസമായി തോന്നിയേക്കാം. അവിടെ മുതിർന്നവരുടെ സഹായം തേടാം. ഒറ്റ പ്രാവശ്യം ചെയ്ത് നിർത്തരുത്. വീണ്ടും വീണ്ടും ഉണ്ടാക്കി പഠിക്കണേ... നന്നായി മനസിലായി കഴിഞ്ഞാൽ, നിർമ്മിക്കുന്നതിന്റെ ഒരു കുഞ്ഞ് വീഡിയോ എടുത്ത് സൂക്ഷിക്കൂ.
ചിത്രം താഴെ നൽകുന്നു.👇



### പ്രവർത്തനം 5 - ഇല മൃഗശാല

കൂട്ടുകാരേ,
നിങ്ങൾ മൃഗശാല കണ്ടിട്ടുണ്ടോ? പുലി, സിംഹം,കുറുക്കൻ, ആന തുടങ്ങി ഒരു പാട് മൃഗങ്ങളുണ്ടാവും അവിടെ അല്ലേ. എന്നാൽ നമുക്കും ഒരു മൃഗശാല ഉണ്ടാക്കിയാലോ? നമ്മളുണ്ടാക്കുന്നത് വളരെ വ്യത്യസ്തമായ ഒന്നാണ്. ഇല മൃഗശാല. ഇലകളുപയോഗിച്ച് മൃഗങ്ങളുടെ രൂപങ്ങൾ ഉണ്ടാക്കണം. ഒരു A4 പേപ്പറിൽ ഒട്ടിക്കുകയാണ് വേണ്ടത്. എന്നാലൊരു കൈ നോക്കാം അല്ലേ? 2019 ജനുവരി ഒന്നാം ലക്കം യുറീക്കയിൽ 'പുതു പുതുവർഷം' എന്ന ഒരു കഥയുണ്ട്. വളരെ രസമുള്ള ഒരു കഥയാണത്. ഒരുപാട് മൃഗങ്ങൾ കഥാപാത്രങ്ങളായ കഥ. ആ കഥയിലെ രണ്ട് മൃഗങ്ങളുടെ രൂപമെങ്കിലും ഇല മൃഗശാലയിൽ വേണം. കഥയിലെ നിങ്ങൾക്കിഷ്ടപ്പെട്ട ഒരു ദൃശ്യം ഇല മൃഗശാലയിൽ ചിത്രീകരിച്ചാൽ ഏറെ നന്നായി. എന്നാൽ ചെയ്ത് തുടങ്ങിയാലോ? നിങ്ങളുണ്ടാക്കിയ ഇല മൃഗശാല സൂക്ഷിച്ച് വെക്കണം.

## കളികൾ

### പ്രവർത്തനം 1 - പുതിയ ചീട്ടുകളി

50 കാർഡുകൾ. (പേപ്പർ കഷണങ്ങൾ ആയാലും മതി.) വ്യത്യസ്തങ്ങളായ 50 വസ്തുക്കളുടെ പേര് ഇതിൽ എഴുതണം. ഇതിൽ ജീവൻ ഉള്ളത്, ഇല്ലാത്തത് , ജന്തുക്കൾ, സസ്യങ്ങൾ, പറവകൾ, ഉരഗങ്ങൾ, മനുഷ്യ നിർമിത വസ്തുക്കൾ, പഴങ്ങൾ, പച്ചക്കറികൾ തുടങ്ങി എല്ലാം ഉൾപ്പെടണം. കുട്ടിക്ക് പരിചിതമായവ ആയിരിക്കണം.

(മൈന, ആന, പശു, അണ്ണാൻ, പുല്ല്, ചെമ്പരത്തി, നെല്ല്, കല്ല്, പാവൽ, വിമാനം, കാക്ക, സിംഹം, ആട്, ചോറ്, മുക്കുറ്റി, റോസ, മുളക്, തടി, പടവലം, ഫ്രിഡ്ജ്, പരുന്ത്, കരടി, കുതിര, ഓന്ത്, തുളസി, മുല്ല, തെങ്ങ്, വെള്ളം, മുന്തിരി, മോട്ടോർ, കോഴി, ജിറാഫ്, ദോശ, പാമ്പ്, കസേര, പേന, മാവ്, വായു, ഗ്ലാസ്, ചാണകം, ഓറഞ്ച്, ചപ്പാത്തി, പൂച്ച, അട്ട, മേശ, തവി, പേര, മണ്ണ്, പേപ്പർ, കമ്പ്യൂട്ടർ - 50 വസ്തുക്കളുടെ പേര് . ഇത് തന്നെ വേണമെന്നില്ല. വ്യത്യസ്തമായ എന്തും ആകാം.)

ചീട്ടുകളിൽ എഴുതിയിരിക്കുന്നത് കാണാത്ത വിധം കമഴ്ത്തി വച്ചിരിക്കുന്നു. ഒരാൾ ഒന്ന് മലർത്തി വക്കുമ്പോൾ കളി ആരംഭിക്കുന്നു. അടുത്തയാൾ മലർത്തുന്നത് ആദ്യം വച്ചതിന് തൊട്ട് വക്കണമെങ്കിൽ രണ്ടിന്റേയും സാമ്യം പറയണം. ഉദാഹരണത്തിനു പശുവിനും മേശക്കും 4 കാലുണ്ട്. പക്ഷിക്കും വിമാനത്തിനും ചിറകുണ്ട്. ഇതുപോലെ എന്തിനേയും ബന്ധിപ്പിക്കാൻ കഴിഞ്ഞാലേ ചേർത്തു വക്കാനാകൂ. ബന്ധിപ്പിച്ച് ചേർത്തു വച്ചാൽ ഒരു പോയിന്റ്. ബന്ധിപ്പിച്ച കാർഡുകൾ കളത്തിൽ നിന്നും മാറ്റി വക്കണം. ബന്ധിപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ കാർഡ് കളത്തിൽ തുറന്നിരിക്കുന്നു. പുതിയതായി എടുക്കുന്ന കാർഡുകൾ കളത്തിൽ തുറന്നിരിക്കുന്ന ഏത്

കാർഡുമായും ബന്ധിപ്പിച്ച് ചേർത്ത് വെക്കാം. കൂടുതൽ സാമ്യം കണ്ടെത്തി ചീട്ടുകൾ ചേർത്തു വക്കുന്നത് ആരെന്ന് നോക്കാം. കളി അവസാനിച്ച് കഴിയുമ്പോൾ നിങ്ങൾ സാമ്യം കണ്ടെത്തിയ കാർഡുകളും നിങ്ങളുടെ ചങ്ങാതി സാമ്യം കണ്ടെത്തിയ കാർഡുകളും രണ്ട് വരിയായി വക്കുക. വരികളിൽ സാമ്യം കണ്ടെത്തിയ കാർഡുകൾ അടുപ്പിച്ച് വക്കുക. എന്നിട്ട് അതിൻറെ ഒരു ഫോട്ടോ എടുത്ത് സൂക്ഷിക്കുക.

## പ്രവർത്തനം 2 - ഇല തൊട്ടു കളി

കളിക്കാൻ രണ്ടു പേർ വേണം. കളി നിയന്ത്രിക്കാൻ ഒരു റഫറിയും.
10 മീറ്റർ നീളമുള്ള നിരപ്പായ ഒരു സ്ഥലത്താണ് കളിക്കേണ്ടത്. ഏതാണ്ട് 10 മീറ്റർ അകലത്തിൽ തറയിൽ 2 ചെറിയ കുറ്റികൾ അടിക്കുക. ഈ രണ്ടു കുറ്റികളിലും എതെങ്കിലും ഒരു ചെടിയുടെ ഇലകളുള്ള കമ്പ് ഒടിച്ച് കെട്ടിവക്കുക. രണ്ട് കുറ്റികളേയും യോജിപ്പിക്കുന്ന ഒരു വര വരയ്ക്കുകയോ ഒരു ചരട് കെട്ടുകയോ ചെയ്യണം. രണ്ടു കുറ്റികളേയും യോജിപ്പിക്കുന്ന വരയുടെ മദ്ധ്യബിന്ദു അളന്ന് അടയാളപ്പെടുത്തണം. ഒരേ നീളമുള്ള വളവ് ഇല്ലാത്ത രണ്ട് കമ്പ് മുറിച്ച് എടുക്കണം. കൊഴിഞ്ഞു വീണു കിടക്കുന്ന കുറച്ച് ഇലകൾ (20-25 എണ്ണം മതിയാകും) ശേഖരിച്ച് വക്കുക. ഇപ്പോൾ കളിക്കാനുള്ള എല്ലാ തയ്യാറെടുപ്പുകളും ആയിക്കഴിഞ്ഞു.

കളിക്കുന്ന 2 പേരും ഓരോ കുറ്റിയുടെ അടുത്ത് നിൽക്കുക. കുറ്റികൾക്കിടയിലുള്ള വരയുടെ രണ്ട് വശങ്ങളിലായിട്ടു വേണം രണ്ടു പേരും നിൽക്കേണ്ടത്. രണ്ടു പേർക്കും ഒരേ നീളമുള്ള രണ്ട് കമ്പുകളിൽ ഓരോന്ന് നൽകുക. കളി നിയന്ത്രിക്കുന്ന ആൾ ഒന്ന് മുതൽ അഞ്ച് വരെയുള്ള അക്കങ്ങളിൽ ഒന്ന് ഉറക്കെ വിളിച്ചു പറയുന്നു. കേട്ട ഉടനെ രണ്ട് കുട്ടികളും അവർ നിൽക്കുന്ന കുറ്റിയിൽ നിന്നും ദൂരെയുള്ള കുറ്റിയുടെ അടുത്തേക്ക് ഓടണം. ഒന്ന് എന്നാണ് പറഞ്ഞതെങ്കിൽ നിൽക്കുന്ന കുറ്റിയിൽ നിന്നും ദൂരെയുള്ള കുറ്റിയിലെ ഇലയിൽ പോയി തൊട്ടാൽ മതി. രണ്ട് എന്നാണ് പറഞ്ഞതെങ്കിൽ ദൂരയുള്ള കുറ്റിയിലെ ഇലയിൽ തൊട്ടിട്ട് തിരിച്ച് വന്ന് ഇവിടത്തെ ഇലയിൽ തൊടണം. ആദ്യം ആരാണോ തൊടുന്നത് അവർക്ക് കയ്യിലുള്ള വടി കൊണ്ട് തന്റെ കുറ്റിയിൽ നിന്നും വരയിലൂടെ അളന്ന് അവിടെ ഒരില വക്കാം. ഒന്ന് എന്നാണ് പറഞ്ഞതെങ്കിൽ വടി കൊണ്ട് ഒരു പ്രാവശ്യം അളക്കാം. മൂന്ന് എന്നാണ് പറഞ്ഞതെങ്കിൽ വടി കൊണ്ട് മൂന്ന് പ്രാവശ്യം അളക്കാം. വീണ്ടും സംഖ്യ വിളിച്ചു പറയുക. ഇനി വടി കൊണ്ട് അളക്കേണ്ടത് ആദ്യം വച്ച ഇലയിൽ നിന്നാണ്. അവിടെ വീണ്ടും ഒരില വക്കാം. കളി തുടരുക. ആരാണോ അളന്ന് കുറ്റികളുടെ മദ്ധ്യബിന്ദു ആദ്യം കടക്കുന്നത് അവർ കളി ജയിക്കുന്നു.

(വീട്ടിൽ ചേട്ടനുമായി കളിക്കുകയാണെങ്കിൽ ചേട്ടൻ ഒറ്റക്കാലിൽ ചാടിയും ചെറിയ കുട്ടി ഓടിയും കളിയിൽ പങ്കെടുക്കാം. അമ്മയും മകളുമായി കളിക്കുകയാണെങ്കിൽ അമ്മ നടക്കട്ടെ, മകൾ ഓടട്ടെ. ഇങ്ങനെ കളിനിയമങ്ങളിൽ മാറ്റമാകാം.)

## പ്രവർത്തനം 3 - ഇല മാറ്റം

ഗൂഗിൾമീറ്റിലൂടെയാണ് ഈ കളി. കളി കളിക്കാനായി വിജ്ഞാനോത്സവ ഗ്രൂപ്പിലുള്ള എല്ലാ ചങ്ങാതിമാർക്കും ലിങ്ക് അയച്ചു കൊടുക്കുക. വിജ്ഞാനോത്സവ ഗ്രൂപ്പിന്റെ ചുമതലയുള്ള മെന്റർമാർ ഇതിന് നിങ്ങളെ സഹായിക്കും. കളിക്കുന്നവരെല്ലാം വീടിന്റെ പരിസരത്തുനിന്നും കൊഴിഞ്ഞ് തറയിൽ വീണുകിടക്കുന്ന പരമാവധി ഇലകൾ കളിക്കു വേണ്ടി ശേഖരിച്ചു വക്കണം. ഈ ഇലകളും ആയിട്ട് വേണം ഗൂഗിൾ മീറ്റിൽ പങ്കെടുക്കാൻ.

കളി തുടങ്ങുമ്പോൾ എല്ലാവരും വീഡിയോ ഓഫ് ചെയ്ത് വക്കണം. ഒരു കുട്ടി വീഡിയോ ഓൺ ചെയ്ത് ഒരില ഉയർത്തി കാണിക്കുന്നു. അതേ ഇലയോ അതേ ആകൃതി ഉള്ള ഇലയോ കൈവശം ഉള്ളവരെല്ലാം വീഡിയോ ഓൺ ചെയ്ത് ഇലകൾ കാണിക്കട്ടെ. ഇലകൾ കാണിച്ചവർക്ക് ഒരു പോയിന്റ്. ഇല ആദ്യം കാണിച്ച കുട്ടിക്കും ഒരു പോയിന്റ് ലഭിക്കും. കുട്ടി കാണിച്ച ഇലയുടെ അതേ ഇനത്തിൽ പെട്ട ഇല ആർക്കും കാണിക്കാനില്ലെങ്കിൽ ഇല കാണിച്ച കുട്ടിക്ക് 2 പോയിന്റ് ലഭിക്കും. ഇനി അടുത്തയാൾ ഇല കാണിക്കട്ടെ. വ്യത്യസ്തമായ ഇലകൾ വേണം ഓരോരുത്തരും കാണിക്കാൻ. ഒരിക്കൽ കാണിച്ച ഇല വീണ്ടും കാണിക്കരുത്. വ്യത്യസ്തമായ ഇല കാണിക്കാൻ ഇല്ലാത്തവർക്ക് കളി പാസ് ചെയ്യാം. എല്ലാവരും ഒരു പ്രാവശ്യം ഇലകൾ കാണിച്ചു കഴിഞ്ഞാലും പിന്നെയും വ്യത്യസ്തമായ ഇലകൾ കാണിക്കാൻ ഉണ്ടെങ്കിൽ കളി തുടരാം. ഇലകൾ തീർന്നാൽ കളി അവസാനിപ്പിക്കാം. കളിയിൽ ഓരോരുത്തർക്കും കിട്ടിയ പോയിൻറ് കുറിച്ച് വക്കണം.

## പ്രവർത്തനം 4 - മേലേ മേലേ

ഇത് ഒറ്റക്ക് കളിക്കാവുന്ന ഒരു കളിയാണ്. നിങ്ങൾക്ക് എത്ര സാധനങ്ങൾ വരെ ഒന്നിന് മുകളിൽ മറ്റൊന്നായി ബാലൻസ് ചെയ്ത് നിർത്താനാകും? എത്ര ഉയരത്തിൽ സാധനങ്ങൾ ബാലൻസ് ചെയ്ത് നിർത്താം? ഒന്ന് ശ്രമിച്ചാലോ?

വീട്ടിൽ ഉള്ള ഏത് സാധനവും എടുക്കാം. ( കുപ്പി ഗ്ലാസും ഭരണിയും ഒക്കെ എടുത്ത് പൊട്ടിച്ചു കളഞ്ഞാൽ സംഗതി പുകിലാകുമേ. ) ഒന്നിന് മുകളിൽ ഒന്നായി ബാലൻസ് ചെയ്ത് നിർത്തിക്കോളൂ. മേശയുടേയോ കട്ടിലിന്റേയോ അടുത്ത് തറയിലാണ് ചെയ്തു തുടങ്ങുന്നതെങ്കിൽ പൊങ്ങി പൊങ്ങി വരുമ്പോൾ മേശപ്പുറത്തൊക്കെ കയറി നിന്ന് പെറുക്കി വക്കാം. വെക്കേണ്ടത് നിങ്ങൾ തന്നെയാണെങ്കിലും മേശപ്പുറത്തൊക്കെ കേറി നിൽക്കുമ്പോൾ തറയിൽ നിന്നും സാധനങ്ങൾ എടുത്തു തരാൻ മറ്റുള്ളവരുടെ സഹായം തേടാം.

പിന്നെ പെറുക്കി വക്കുന്നതിന്റെ വീഡിയോ എടുക്കാൻ വീട്ടിൽ ആരെയെങ്കിലും ഏല്പിക്കണേ. എല്ലാം തീർന്ന് കഴിഞ്ഞാൽ ഒരു അവസാന ഫോട്ടോയും ആകാം. സാധനങ്ങൾക്കൊപ്പം നിങ്ങളും കൂടി നിൽക്കുന്ന ഒരു ഫോട്ടോ. സാധനങ്ങളുടെ എണ്ണവും ആകെ ഉയരവും കുറിച്ചു വക്കണേ.

## പ്രവർത്തനം 5 - വാക്കിൽ നിന്നൊരു വാക്ക്

ഒരു പേപ്പറും പേനയും എടുത്തോളൂ. കളിക്കാൻ ഉപകരണമായി അത് മാത്രം മതി. പിന്നെ നിങ്ങളുടെ കൂടെ കളിക്കാൻ വീട്ടിൽ നിന്ന് ആരെയെങ്കിലും ഒരാളെ കൂടി കൂട്ടണം. രണ്ടു പേർ റെഡിയായാൽ കളി തുടങ്ങാം.

പേപ്പറിന്റെ മുകളിൽ ആയി ഒരു വാക്ക് എഴുതുക. ഇനി നിങ്ങളുടെ ചങ്ങാതിയോട് നിങ്ങൾ എഴുതിയ വാക്കിലെ ഏതെങ്കിലും ഒരക്ഷരത്തിൽ നിന്ന് തുടങ്ങുന്നതോ ആ അക്ഷരത്തിൽ അവസാനിക്കുന്നതോ ആ അക്ഷരം ഇടക്ക് വരുന്നതോ ആയ ഒരു വാക്ക് കുത്തനെ എഴുതാൻ പറയുക. ദാ ഇങ്ങനെ:

| | | | |
|---|---|---|---|
| | | പ | |
| | | റ | |
| അ | റി | യു | ക |
| | | ക | |

രണ്ടു പേർക്കും ഓരോ പോയിന്റ്. ഇനി പറയുക എന്ന രണ്ടാമത് എഴുതിയ വാക്ക് കുത്തനെ തന്നെ തൊട്ടപ്പുറത്തേക്ക് മാറ്റി എഴുതുക. എന്നിട്ട് 'യു' എന്നതിന് ചുറ്റും ഒരു വട്ടമിടുക. എന്തിനാണെന്നോ? ആ അക്ഷരം ഉപയോഗിച്ച് ഇനി വാക്കുണ്ടാക്കരുത്. 'യു' മാത്രമല്ല 'യ' ഉപയോഗിച്ചുള്ള അതായത് 'യാ', 'യി', 'യെ' എന്നിങ്ങനെ ഒന്നും ഉപയോഗിക്കരുത്. ഇനി നിങ്ങൾ ആ വാക്കിലുള്ള മറ്റേതെങ്കിലും അക്ഷരം ഉപയോഗിച്ച് ഒരു വാക്ക് നേരേ എഴുതുക. ഇപ്പോൾ നമ്മൾ വാക്ക് നേരേയാണ് എഴുതിയത് എന്നതിനാൽ മാറ്റി എഴുതുന്നതും നേരേ ആയിരിക്കണം. മാറ്റി എഴുതുമ്പോൾ ഇപ്പോൾ പൊതുവായി വന്ന അക്ഷരവും വട്ടമിടണം. ഇനി അടുത്ത വാക്ക് എഴുതുമ്പോൾ നമ്മൾ വട്ടമിട്ട രണ്ടക്ഷരങ്ങളും ഉപയോഗിക്കരുത്.

ഒരാൾ കുത്തനെ ഒരു വാക്ക് എഴുതിയപ്പോൾ മറ്റേ ആൾക്ക് വാക്ക് കിട്ടിയില്ല എന്നിരിക്കട്ടെ. കുത്തനെ വാക്ക് എഴുതിയ ആൾക്കുതന്നെ നേരേ വേറൊരു വാക്ക് എഴുതാം. അപ്പോൾ വാക്ക് എഴുതിയ ആൾക്ക് അടുപ്പിച്ച് രണ്ട് പോയിൻറ് കിട്ടും. മറ്റേ ആൾക്ക് പോയിൻറ് ഒന്നും കിട്ടുകയും ഇല്ല.  ഇങ്ങനെ കളി തുടരാം. ഇരുപത് വാക്കായാൽ കളി നിർത്താം. എന്താ കളിക്കാൻ ആരെയെങ്കിലും വിളിച്ചോളൂ. ഉപയോഗിച്ച വാക്കുകൾ എല്ലാം ചേർത്ത് കളിയുടെ ഒരു റിപ്പോർട്ട് തയ്യാറാക്കണേ.